# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2766

06.02.2018-ലെ മറുപടി

## ഇടക്കൊച്ചി പ്രദേശത്തെ ശുദ്ധജലക്ഷാമം

| ചോദ്യം<br>**ശ്രീ.എം. സ്വരാജ്** | മറുപടി<br>**മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി)** |
|---|---|
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽപ്പെടുന്ന ഇടക്കൊച്ചി പ്രദേശത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇതിലേക്കാവശ്യമായ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിന് നടപടി സ്വീകരിക്കുമോ;<br><br>(സി) എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്താമോ? | (എ), (ബി) & (സി) ഇടക്കൊച്ചി പദ്ധതിയുടെ അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ അരൂർ, ഇടക്കൊച്ചി പാലത്തിന്റെ തെക്കെ അറ്റം വരെ 450 എം.എം. ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.<br><br>അരൂർ, ഇടക്കൊച്ചി പാലത്തിന്റെ സമീപം 650 മീറ്റർ 500 മി.മീ HDPE സ്ഥാപിക്കുന്ന പ്രവൃത്തിയും പാലത്തിന്റെ വടക്ക് ഭാഗത്ത് നിന്നും 1050 മീറ്റർ 450 മി.മീ. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. ബാക്കി 1000 മീറ്റർ 450 മി.മീ. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിന് അമൃത് പദ്ധതിയിൽ പ്പെടുത്തി ദർഘാസ് നടപടികൾ സ്വീകരിച്ചു വരുന്നു. പാമ്പായി മൂലയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിന് 278 ലക്ഷം രൂപയുടെ അനുമതി നൽകിയിരു ന്നെങ്കിലും പുതുക്കിയ നിരക്കിൽ തുക മതിയാകാതെ വന്നതിനാൽ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ